# പള്ളികഥകൾ

## മിനികഥകൾ   അൻപത്തിരണ്ട്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ വളരെ വ്യത്യസ്ഥമായ ഒരു കഥയാണിപ്പോൾ പറയാൻ പോകുന്നത്. സാധാരണ ഇത്തരം കഥകൾ ഒരച്ചൻ തന്നെ പറയാറില്ല:

# ധാരണ

ഇത് കൊല്ലൻപറമ്പിൽ തോമസ് തരകൻ അച്ചന്റെ കഥയാണ്. അദ്ദേഹം ഒരു കൊച്ചച്ചനാണ്. അമേരിക്കയിലെ ഒരു ചെറിയ പട്ടണത്തിൽ എത്തിയപ്പോൾ അവിടെ ഓത്ത്ഡോക്സ്കാരായി ഏകദേശം മുപ്പത് കുടുംബക്കാരെ കണ്ടെത്തി. മിക്കവാറും എല്ലാ കുടുംബവും സാമ്പത്തികമായി നല്ല നിലയിലുമാണ്. അവക്ക് സ്വന്തമായി പള്ളിയോ, ഇടവകയോ അച്ചനോ ആരാധനയോ ഒന്നുമില്ല. അച്ചൻ ഒരച്ചനായിട്ടല്ല അവരാരുമായ് പരിചയപ്പെട്ടത്. അച്ചൻ എത്രയും പെട്ടന്ന തന്നെ ആഭദ്രാസന മെത്രാച്ചനുമായി ബന്ധപ്പെട്ടു:

“മെത്രാച്ചാ ഞാൻ കൊല്ലൻപ്പപറമ്പിൽ തോമസ് തരകൻ അച്ചനാണ്. ഇപ്പോൾ ഇവിടെ എത്തിയപ്പോളാണ് മനസ്സിലാകുന്നത് ഇവിടെ നമ്മുടെ സഭാ വിശ്വാസികളായി, സാമ്പത്തികമായ നല്ല നിലയിൽ കഴിയുന്ന ഏകദേശം മുപ്പതോളം കുടുംബംഗങ്ങളുണ്ട്. ഇവക്കിവിടെ ഇടവകയോ, ആരാധനയോ ഒന്നുമില്ല.”

“ഞാൻ എത്രയും പെട്ടന്ന് അവിടെ വന്ന് വേണ്ടത് ചെയ്യാം.” മെത്രാച്ചൻ മറുപടി പറഞ്ഞു.

“മെത്രാച്ചൻ ഇവിടെ വരുന്നതിന് മുമ്പ് എന്റെ കാര്യം കൂടെ കേൾക്കണം. ഞാനിവിടെ ഒരാശുപത്രിയിൽ ഇപ്പോൾ നേഴ്സായി ജോലി ചെയ്യുകയാണ്. മെത്രാച്ചൻ കല്പന തന്നാൽ ഇവക്ക് വേണ്ടി കുർബ്ബാനയും മറ്റു കാര്യങ്ങളും ചെയ്യാൻ ഞാൻ തെയ്യാറാണ്. അതിനു മുമ്പായി എന്റെ പശ്ചാത്തലം കൂടെ തിരുമേനി അറിഞ്ഞിരിക്കേണ്ടതാണ്.”

ഞാൻ പേരുകേട്ട കൊല്ലൻ പറമ്പിൽ കുടുംബത്തിലേതാണ്. എന്റെ മാതാപാതിക്കൾക്ക് ഞങ്ങൾ മക്കൾ ഏഴു പേരും ആൺമക്കൾ. അതിൽ ഏഴാമത്തേതാണ് ഞാൻ. ജേഷ്ഠന്മാർക്കെല്ലാം ഇളയ അനിയനായ ഞാൻ സഭയിലെ ഒരു പട്ടക്കാരനായിത്തീരണമെന്ന് വലിയ ആഗ്രഹം. പഠിക്കാനും ഞാൻ മോശമല്ലായിരുന്നു.

ഞങ്ങൾ താമസിച്ചിരുന്നതിന്റെ തൊട്ടടുത്തായി വലിയ അദ്ധ്വാനിയായ ചെറിയാൻ എന്ന കൃഷിക്കാരനുണ്ടായിരുന്നു. സാമ്പത്തികമായി അവർ മോശമായിരുന്നു. അയാൾക്ക് രണ്ട് പെൺമക്കളുണ്ടായിരുന്നു. അതിൽ മൂത്തവൾ എന്റെ തൊട്ടുതാഴത്തെ ക്ലാസിൽ പഠിച്ചിരുന്ന വത്സല ചെറുപ്പത്തിൽ തന്നെ വളരെ സുന്ദരിയായിരുന്നു. ഞങ്ങൾ ഒന്നിച്ചായിരുന്നു എല്ലാ ദിവസവും സ്ക്കൂളിൽ പൊയ്കൊണ്ടിരുന്നത്. പലപ്പോഴും അവൾക്ക് എന്തെങ്കിലും സംശയം വന്നാൽ എന്നോടായിരുന്നു ചോദിച്ചിരുന്നതും. ഹൈസ്ക്കൂൾക്ലാസികളിലായിരുന്നപ്പോൾ ഫീസ് കൊടുക്കാനില്ലാതെ അവൾ പ്രയാസപ്പെട്ടിരുന്നപ്പോൾ ഞാനായിരുന്നു അവൾക്ക് ഫീസ് കൊടുത്തിരുന്നത്. വലിയ അഭിമാനിയായിരുന്ന അവൾ പണം കിട്ടിയാലുടനെ തന്നെ മടക്കി തരാൻ ശ്രമിച്ചിരുന്നു. എന്നാൽ ഞാനൊരിക്കലും അതൊന്നും മടക്കി വാങ്ങിയില്ല. ഞാൻ കോളേജിൽ പോകാൻ തുടങ്ങിയപ്പോഴും മുടങ്ങാതെ അവളുടെ ഫീസ് പല മാസങ്ങളിലും അടച്ചു കൊടുത്തു കൊണ്ടിരുന്നു. എന്തുകൊണ്ടോ എനിക്കതൊരു വലിയ സന്തോഷമായിരുന്നു.

ഞാൻ ഒരു വഷം കോളേജിൽ പഠിച്ചു തീന്ന അവധി സമയത്ത് സൂക്ഷത്തിന് എനിക്ക് നമ്മുടെ സെമിനാരിയിൽ പ്രവേനം കിട്ടി. ദീഘമായ നാലു വഷത്തെ സിമിനാരി പഠനം കഴിഞ്ഞപ്പോഴേക്കും അവളുടെ കുടുംബം അവിടെ ഉണ്ടായിരുന്നതെല്ലാം വിറ്റു പെറുക്കി മലബാറിൽ താമസമാക്കി.

സിമിനാരി പഠനം പൂത്തിയായ്ക്കഴിഞ്ഞപ്പോഴേക്കും അവളെ കുറിച്ച് യാതൊരറിവും ഇല്ലാതായി. പിന്നീട് ശെമ്മാശ പട്ടവും കെട്ടികഴിഞ്ഞ് ഇനിയുമുള്ള കാര്യം ചിന്തിക്കാമെന്നായി. വിവാഹം കഴിഞ്ഞ് അച്ചനായി പട്ടമേൽക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. എന്നാൽ ജേഷ്ഠന്മാക്കെല്ലാം ഞാനൊരിക്കലൊരു മെത്രാച്ചനായി തീരണമെന്നായിരുന്നു ആഗ്രഹം. എന്റെ പിതാവിന്റെ ഉള്ളിന്റെ ഉള്ളിലെ ആഗ്രഹവും അതായിരുന്നെങ്കിലും അന്നൊന്നും അദ്ദേഹമത് എന്നോട് പറഞ്ഞിരുന്നില്ല. കൊല്ലൻപറമ്പി കുടുംബക്കാക്ക് ഒരു മെത്രാനെ കിട്ടുന്നതിന് യാതൊരു പ്രയാസവും ഇല്ലായിരുന്നു. അത്രയ്ക്ക് പ്രശസ്തരായ കുടുംബക്കാരായിരുന്നു.

എനിക്ക് അങ്ങിനെ വലിയ താല്പര്യമൊന്നുമില്ലായിരുന്നു. വത്സയും ഞാനുമായി പിരിഞ്ഞ ശേഷമാണ് അറിഞ്ഞത് അവൾ എന്റെ ഹൃദയത്തിൽ വലിയ സ്ഥാനം പിടിച്ചിരുന്ന വിവരം. അവളെ അന്വേഷിച്ച് മലബാറിന്റെ പലസ്ഥലങ്ങളിലും ഞാൻ അന്വേഷിച്ചെങ്കിലും, അവൾ വിവാഹിതയായി എങ്ങോ പോയിയെന്ന അറിവാണ് കിട്ടിയത്.

എനിക്ക് പെണ്ണു കാണാനായി എന്നേയും കൂട്ടി പല വീടുകളിലും അപ്പൻ പോയപ്പോഴും എല്ലാവരോടും അമിതമായ സ്ത്രീധനം ചോദിച്ചതു മൂലം പല ആലോചനകളും തെറ്റിപിരിഞ്ഞു. “ഇത്രയും വലിയ സ്ത്രീധനം ചോദിക്കാൻ ഈ കോന്തനെന്തിരുന്നിട്ടാണ് മറ്റുള്ളവരിലും കൂടുതലായി എന്ന് പല പെൺകുട്ടികളും പറയുന്നതു കേട്ടപ്പോൾ വിവാഹം കഴിക്കാതെ ഒരിക്കൽ ഒരു മെത്രാനായി തീരണമെന്ന് അതിയായ ആഗ്രഹവുമുണ്ടായി. ഇക്കാര്യം അപ്പനോടു പറഞ്ഞപ്പോഴാണ് അപ്പന്റെ ഹൃദയ രഹസ്യം എന്നോടും പറഞ്ഞത്. അപ്പോഴാണ് ഇത് അപ്പന്റെ ഒരു കളിയായിരുന്നല്ലോയെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടതും.

എന്തായാലും കേരളത്തിന് വെളിയിലേക്കുള്ള പട്ടക്കാരനായി സേവനം ചെയ്യാമെന്ന താല്പര്യത്തിൽ പട്ടവുമേറ്റു. വിവാഹം കഴിക്കാത്ത അച്ചനാണെങ്കിലും തീരെ കുറഞ്ഞത് നാല്പതു വയസ്സിനു മുകളിൽ പ്രായവും അഞ്ചു വഷമെങ്കിലും ഒരിടവകയുടെ വികാരിയായി സേവനവും അനുഷ്ഠിച്ചെങ്കിൽ മാത്രമേ മേല്പട്ട സ്ഥാനാത്ഥിയായി നിൽക്കാൻ യോഗ്യതയുള്ളല്ലോ.

ഓത്ത്ഡോക്സ് സഭയിലെ ഒരാൾ വൈദികനായി പട്ടമേൽക്കുന്നതിന് മുമ്പായി വിവാഹം കഴിക്കണമെങ്കിൽ കഴിക്കാം. അതല്ലങ്കിൽ പിന്നിട് സാധിക്കത്തില്ല. അങ്ങിനെ ഞാൻ വികാരിയായ് അഞ്ചു വഷം ആ പള്ളിയിൽ സേവനം ചെയ്തപ്പോൾ ഒരു ദിവസം ആരാധന കഴിഞ്ഞ് കൈമുത്താൻ ആളുകൾ വന്നപ്പോൾ അക്കൂട്ടത്തിൽ വെച്ച് വത്സയെ വീണ്ടും കണ്ടു. അത് ഞങ്ങൾ തമ്മിലുള്ള പഴയ പരിചയ പുതുക്കലായി. പിന്നീട് പല ദിവസങ്ങളിലായി അവളെ കണ്ടപ്പോഴാണ് വിവരങ്ങൾ അറിയുന്നത്; അവൾ ഒരു സ്റ്റാഫ് നേഴ്സായി അവിടെയുള്ള ആശുപത്രിയിൽ ജോലി ചെയ്യുകയാണെന്ന കാര്യം. എന്തായാലും ആവളുമായുള്ള ഒരു ജീവിതത്തിന് എന്റെ ഹൃദയം അമിതമായി വാഞ്ഛിച്ചു.

വിവരം അവിടുത്തെ ഭദ്രാസന മെത്രാച്ചനെ അറിയിച്ചു. മേലാൽ സഭയുടെ ആരാധനാപരമായ യാതൊരു കാര്യങ്ങളും ചെയ്യാൻ സാധിക്കത്തില്ലന്നറിഞ്ഞുകൊണ്ടു തന്നെ വിവാഹ ജീവിതത്തിന് ഒരുമ്പെട്ടു. മെത്രാച്ചന് ഈ അച്ചനോട് അമിത

മായ സ്നേഹമുണ്ടായിരുന്നതുകൊണ്ട് വളരെ രഹസ്യമായി ഒരു ദിവസം അവരുടെ വിവാഹം നടത്തിക്കൊടുത്തു. അതു കൂടാതെ അവർ പോയി രജിസ്റ്റർവിവാഹവും നടത്തി. അതിന്ന ശേഷം ആ പള്ളിയിലെ ജനങ്ങൾ ഈ അച്ചനെ കണ്ടിട്ടേയില്ല. ‘‘ഇനിയൊരു കല്പന ഉണ്ടാകുന്നതുവെരെ പുതിയ അച്ചനെ ആ പള്ളിയുടെ വികാരിയായി നിയമിച്ചുകൊണ്ടുള്ള കല്പനയും പള്ളിയിൽ വായിച്ചു.

വത്സല, തോമസ് തരകൻ അച്ചനേയും കൂട്ടി വേറൊരു പട്ടണത്തിൽ പോയി ജോലി ചെയ്തു. അവിടെയുള്ള നേഴ്സിംഗ് സ്ക്കൂളിലായിരുന്ന വത്സല നേഴ്സിംഗ് പഠിച്ച് പാസായത്. അവൾ അവിടെ തന്നെ ജോലി ചെയ്തു. അച്ചന് അവിടെ നേഴ്സിംഗ് പഠിക്കാൻ പ്രവേശനവും കിട്ടി. പഠിക്കാൻ വളരെ മിടുക്കനായ അച്ചൻ നീണ്ട നാലു വർഷത്തെ പഠനം പൂർത്തിയാക്കി. അത്രയും കാലം അദ്ദേഹത്തിന്റെ ഫീസും ഭക്ഷണവും താമസ സൗകരങ്ങളും എന്നു വേണ്ട എല്ലാം തന്നെ അവൾ ചെയ്തു.

ആയിടയ്ക്ക് അമേരിക്കയിലേക്ക് ഏജന്റന്മാർ മുഖേനയുള്ള തെരഞ്ഞെടുപ്പിലൂടെ വത്സലയും തിരഞ്ഞെടുക്കപ്പെട്ട് അവർ രണ്ടു പേരും അമേരിക്കയിൽ എത്തി. അച്ചൻ പെട്ടന്നു തന്നെ അവിടുത്തെ നേഴ്സിംഗിന്റെ ലൈസൻസും കരസ്ഥമാക്കി. അവർ രണ്ടു പേരും ഒരു ആശുപത്രിയിൽ തന്നെ ജോലിയുമായി. ഇന്റർവ്യൂ സമയത്തു തന്നെ ഞാനൊരു വൈദികനാണെന്നുള്ള വിവരം കൂടെ കേട്ടപ്പോൾ അവർ അദ്ദേഹത്തിന് നേഴ്സായും ചാപ്ലിനായും കൂടാതെ സൂപ്പർവൈസർ ആയും ജോലി കൊടുത്തു. നല്ല സമ്പളവും കൊടുത്തു. ആ ആശപത്രിക്കാർ ഒരു ചാപ്ലിനെ കിട്ടാതെ വിഷമിച്ചിരിക്കുകയായിരുന്നു. അവർക്ക് ഇങ്ങിനെ ഒരാളെ കിട്ടിയതിൽ വളരെ സന്തോഷമായി.

ഈ വിവരമെല്ലാം കേട്ടപ്പോൾ നമ്മുടെ മെത്രാച്ചന് വളരെ സന്തോഷമായി. ഇത്രയും സത്യസന്ധമായി ഒരാൾ സംസാരിച്ചത് അദ്ദേഹത്തിന് വളരെ ഹൃദ്യമായി. ഒരു കല്പനയൊന്നുമില്ലാതെ വാക്കാലുള്ള ധാരണയിൽ ആരാധനകളൊന്നും ഇതുവെരെ ചെയ്യാതിരുന്ന അച്ചനെ തന്നെ അവിടുത്തെ വികാരിയായി നിയമിച്ചു. അവിടെയുള്ള മലയാളികളായ ഓത്ത്ഡോക്സ്കാരെല്ലാം കൂടി ആ പള്ളിയിലെ ആദ്യത്തെ കുർബ്ബാന അച്ചൻ തന്നെ ചൊല്ലി. വളരെ ശ്രുതിമധുരവും യാതൊരു അബദ്ധങ്ങളും കൂടാതെ നാലു വർഷം കൂടി അച്ചൻ സമർപ്പിച്ച കുർബ്ബാന ജനങ്ങൾക്കും മെത്രാച്ചനും വളരെ ഹൃദ്യമായി.

വാടകയ്ക്കെടുത്ത സ്ഥലത്തായിരുന്ന ആദ്യ കുർബ്ബാനയും മറ്റു പല പ്രാവശ്യങ്ങളിലെ ആരാധനയും നടന്നതെങ്കിലും പെട്ടന്നു തന്നെ വളരെ ചുരുങ്ങിയ വിലകൊടുത്ത് സ്വന്തമായി ഒരു പള്ളി അവർക്കായി. കൂടുതൽ കൂടുതൽ കുടുംബങ്ങൾ അംഗങ്ങളായി അവിടെ ചേർന്നു. മെത്രാച്ചനും അച്ചനും തമ്മിൽ ധാരണയുണ്ടായിരുന്നു. തന്മൂലം മെത്രാച്ചന് എപ്പോഴെല്ലാം ഒഴിവുണ്ടാകുമ്പോഴെല്ലാം അദ്ദേഹത്തെ ആ പള്ളിയിൽ കാണുമായിരുന്നു. കൂടാതെ കൊല്ലൻ പറമ്പിൽ തോമസ് തരകൻ അച്ചൻ എന്ന പേര് ചുരുക്കത്തിൽ തരകൻ അച്ചൻ എന്നാക്കി.

അച്ചൻ പള്ളിയിൽ നിന്നും ശമ്പളമൊന്നും വാങ്ങിയില്ലന്നതു കൂടാതെ അവർ ഭാര്യാഭർത്താക്കന്മാർക്ക് കിട്ടുന്ന ശമ്പളത്തിന്റെ ദശാംശം പള്ളിക്കു കൊടുക്കുന്ന വിവരം കൂടെ ജനങ്ങൾ, വിശ്വാസികൾ അറിഞ്ഞപ്പോൾ അവരെല്ലവരും അങ്ങിനെ തന്നെ ചെയ്യാൻ തുടങ്ങിയതു മൂലം അവർക്ക് സാമ്പത്തികമായി യാതൊരു പരാധീനതകളുമില്ലാതെ എത്രയും പെട്ടന്നു തന്നെ പള്ളിയുടെ കടമെല്ലാം വീട്ടാനും കഴിഞ്ഞു.

നാലു വർഷത്തോളം ആരാധനകളൊന്നും ചെയ്യാതെ അച്ചൻ കഴിഞ്ഞതു തന്നെ അച്ചനുള്ള ശിക്ഷയായി ഇവിടുത്തെ മെത്രാച്ചൻ കണക്കിലെടുത്തു. സത്യം പറഞ്ഞാൽ അത്രയും കാലം ആരാധനകൾ നടത്താതിരുന്നതു തന്നെ വളരെയധികം മനപ്രയാസത്തോടു കൂടിയായിരുന്നു.

അമേരിക്കയിലെ മെത്രാച്ചൻ വളരെ ബുദ്ധിപൂർവ്വമായിരുന്നു ആദ്യമായി ആ പള്ളിയിൽ പെരുമാറിയത്. ഇടവക പ്രഖ്യാപനം വാക്കിലും എഴുത്തിലും കൂടെ നടത്തിയെങ്കിലും വികാരിസ്ഥാനം വാക്കാൽ മാത്രമേ നടത്തിയുള്ളു.

അങ്ങിനെ മെത്രാച്ചനും അച്ചനും തമ്മിലും, അച്ചനും വിശ്വാസികളുംതമ്മിലും ഒരുധാരണയിൽ ആ ഇടവക ഭംഗിയായി പോയി